# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3085 — 28/01/14-ൽ മറുപടിക്ക്

## 'അരിക്കട' പദ്ധതി

**ചോദ്യം** — **ഉത്തരം**

**ശ്രീ. എ. കെ. ശശീന്ദ്രൻ :**

**ശ്രീ. തോമസ് ചാണ്ടി :**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിപണിയിൽ അരി വില പിടിച്ചു നിർത്തുന്നതിനായി ആരംഭിച്ച അരിക്കട പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്;

എ) പൊതുവിപണിയിൽ അരിയുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ ആവിഷ്കരിച്ച അരിക്കട പദ്ധതി ഇപ്പോഴും കാര്യമായിത്തന്നെ നടന്നുവരുന്നുണ്ട്. ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി എന്നിവ കാർഡൊന്നിന് 10 കിലോഗ്രാം, കിലോഗ്രാമിന് 21 രൂപ നിരക്കിൽ 1320 ഓളം ചില്ലറ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നുണ്ട്. പ്രതിമാസം 15000 ടൺ -ഓളം അരി ഈ പദ്ധതി വഴി ലഭ്യമാക്കുന്നുണ്ട്. ഏകദേശം 10 കോടിയോളം രൂപ പ്രതിമാസം ഇതിനായി ചെലവഴിക്കുന്നുണ്ട്.

ബി) സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് സർക്കാരിൽ നിന്ന് കിട്ടേണ്ട തുക എത്രയെന്ന് വ്യക്തമാക്കാമോ ;

ബി) 2008 – 09 മുതൽ സപ്ലൈകോ സബ്സിഡിയിനത്തിൽ ചെലവാക്കിയ തുകയുടെയും സർക്കാർ നൽകിയ ഗ്രാന്റിന്റെയും കണക്കുകൾ താഴെ കൊടുക്കുന്നു.

| നം. | വർഷം | ക്ലെയിം (കോടിയിൽ) | ഗ്രാന്റ് (കോടിയിൽ) |
|---|---|---|---|
| 1. | 2008-09 | 136.22 | 105.00 |
| 2. | 2009-10 | 206.33 | 83.00 |
| 3. | 2010-11 | 118.81 | 76.31 |
| 4. | 2011-12 | 164.96 | 118.35 |
| 5. | 2012-13 | 288.55 | 135.00 |
| 6. | 2013-14 (നവംബർ വരെ) | 220.10 | 110.00 |
| | ആകെ | 1134.97 | 627.66 |

| | | | |
|---|---|---|---|
| സി) | അരിക്കട പദ്ധതിയുടെ സബ്സിഡി നൽകുന്നതിനായി ഇപ്പോഴത്തെ ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തുമോ ? | സി) | അരിക്കട ഉൾപ്പെടെയുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് ബജറ്റ് വിഹിതമായി അനുവദിക്കുന്ന തുകയ്ക്ക് പുറമേ ഫലപ്രദമായ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി അധിക തുകയും അനുവദിക്കാറുണ്ട്. |

Beena

**സെക്ഷൻ ഓഫീസർ**